**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4612** **29.6.2012-ൽ മറുപടിക്ക്**

## കോർപ്പറേഷനുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>,, ബി.ഡി. ദേവസ്സി<br>,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, കെ. ദാസൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ കോർപ്പ റേഷനുകൾക്ക് ഗുണം ലഭിക്കത്തക്ക വിധം പുതുതായി എത്ര മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തനം ആരംഭിച്ചു എന്നറിയി ക്കുമോ;<br><br>ബി) ഏതെല്ലാം കോർപ്പറേഷനുകളിലാണ് നിലവിൽ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പണി ആരംഭിച്ചിട്ടുള്ള തെന്നറിയിക്കുമോ; | എ) & ബി) പരമ്പരാഗത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളാണ് നഗരസഭ കളിൽ നിലവിലുള്ളത്. ഇത്തരം പ്ലാന്റുകൾ ജനങ്ങളുടെ എതിർപ്പു മൂലം പ്രവർത്തിക്കാനാകാതെ വന്ന സാഹചര്യത്തിൽ ആധുനികരീതിയിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാ ണത്തിനായി 2011-12 വർഷത്തിൽ എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ എത്ര തുക പ്രസ്തുത ആവ ശ്യത്തിനായി കോർപ്പറേഷനുകൾക്ക് കൈമാറി എന്നറിയിക്കുമോ;<br><br>ഡി) 2011-12 വർഷത്തിൽ അനുവദിക്ക പ്പെട്ട തുകയിൽ നിന്ന് ആകെ എത്ര തുക ചെലഴിക്കപ്പെട്ടു എന്നറിയി ക്കുമോ? | സി) & ഡി) കോർപ്പറേഷനുകളിൽ നവീന രീതിയിലുള്ള സംസ്ക്കരണ പ്ളാന്റുകൾ സ്ഥാപിക്കുന്നതിലേ ക്കായി 2011-12 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ടായിരു ന്നു. ഇതിൽ നിന്നും തിരുവനന്തപുരം കോർപ്പ റേഷന് 2011-12 സാമ്പത്തിക വർഷത്തിൽ 12.80 ലക്ഷം രൂപയും, തൃശൂർ കോർപ്പറേഷന് ഒരു കോടി രൂപയും , തിരുവനന്തപുരം കോർപ്പറേ ഷന് മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിലേക്ക് സിഡ്കോക്ക് 1.87 കോടി രൂപയും 2011-12 സാമ്പത്തിക വർഷം ശുചിത്വ മിഷനിൽ നിന്നും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ